ശ്രീ. ടി. എം. ജേക്കബ്: സർ, ഇപ്പോൾ നമ്മുടെ സഭയിൽ അംഗീകരിച്ച ഒരു കീഴ്വഴക്കമാണ് ഞാൻ പറഞ്ഞത്. അങ്ങോ ഈ സഭയോ മൂന്നു മാസം കൂടുമ്പോൾ ഇതു ദീർഘിപ്പിക്കണമെന്ന് തീരുമാനിക്കുകയാണെങ്കിൽ റൂൾ 230-ൽ പറയുന്നതുപോലെ നമുക്ക് ചെയ്യാം. അതിന് ഒരു ബുദ്ധിമുട്ടുമില്ല, തടസ്സവുമില്ല. അതൊരു കുറവായി ഗവൺമെന്റ് കാണുന്നുമില്ല. സഭ എന്തു തീരുമാനിക്കുന്നുവോ അങ്ങനെ ഭാവിയിൽ ചെയ്യാം.

## റൂളിംഗ്

### റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള സമയം ദീർഘിപ്പിക്കുന്നതു സംബന്ധിച്ച്

മി. സ്പീക്കർ: ഓർഡർ, ഓർഡർ........സെലക്ട് കമ്മിററികളുടെ റിപ്പോർട്ട് മൂന്നുമാസത്തിനകം സമർപ്പിക്കണമെന്നും അതിന് സാധിക്കാത്ത പക്ഷം എപ്പോൾ വേണമെങ്കിലും ഒരു പ്രമേയം അവതരിപ്പിച്ചുകൊണ്ട് റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള സമയം ദീർഘിപ്പിക്കാമെന്നും 230-ാം ചട്ടത്തിന്റെ 1-ാം ഉപചട്ടത്തിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. മുൻകാലങ്ങളിൽ ബിൽ കമ്മിററിക്ക് അയച്ച ശേഷം ഓരോ മൂന്നു മാസം കഴിയുമ്പോഴും വരാറുള്ള സമ്മേളനത്തിൽ സമ്മേളനാവസാനംവരെ സമയം ദീർഘിപ്പിക്കുകയായിരുന്നു പതിവ്. ഇതുമൂലം ഒരു കമ്മിററിയുടെ തന്നെ റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള കാലാവധി പല പ്രാവശ്യവും നീട്ടിവയ്ക്കേണ്ട സാഹചര്യം സംജാതമായി. അതൊരു ന്യൂനതയാണെന്ന് സഭയിൽ പലപ്പോഴും ആക്ഷേപം ഉയർന്നതിന്റെ അടിസ്ഥാനത്തിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിന് തൊട്ടുമുൻപ് അതുവരെ സമയം ദീർഘിപ്പിക്കണമെന്നതിന് ഒരു പ്രമേയം അവതരിപ്പിക്കുന്ന ഒരു കീഴ്വഴക്കം നിലവിൽ വന്നു. ഇക്കാര്യത്തിലും അത് തുടരുകയായിരുന്നു. ഇതിൽ എന്തെങ്കിലും മാററം ആവശ്യമുണ്ടോ എന്ന് ചെയർ പരിശോധിക്കുന്നതാണ്.

പ്രമേയം സഭ അംഗീകരിച്ചു.

## VII. റിപ്പോർട്ടു സമർപ്പണം

ജലസേചന വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, പറമ്പിക്കുളം മുല്ലപ്പെരിയാർ എന്നീ നദീജല കരാറുകൾ സംബന്ധിച്ച 'അഡ്ഹോക്ക്' കമ്മിററിയുടെ റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

ശ്രീ. കെ. പി. നൂറുദ്ദീൻ: സർ, പരിസ്ഥിതി സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

## VIII. കടലാസുകൾ മേശപ്പുറത്തു വയ്ക്കുന്നതിലുള്ള കാലതാമസം

ശ്രീ. എ. സി. ഷൺമുഖദാസ്: സർ, നിയമസഭയുടെ മേശപ്പുറത്തു വയ്ക്കുന്ന കടലാസുകൾ വയ്ക്കുന്നതിന് കാലതാമസമുണ്ടായാൽ മതിയായ കാരണങ്ങൾ ബോദ്ധ്യപ്പെടുത്തുന്നതിന് സ്റേററുമെന്റ് ഉണ്ടാക്കുമെന്ന് അങ്ങ് റൂളിംഗ് നൽകിയിരുന്നതാണ്. പാർലമെന്റിലാണെങ്കിൽ ഇത് പരിശോധിക്കുന്നതിന് വേണ്ടി ഒരു കമ്മിററി തന്നെ നിലവിലുണ്ട്. 'കമ്മിററി ഫോർ പേപ്പേഴ്സ് ലെയ്ഡ് ഓൺ ദി ടേബിൾ'. ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly